**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1088** **24-02-2022 - ൽ മറുപടിയ്ക്ക്**

**സിനിമാമേഖലയിൽ പ്രവർത്തിക്കുന്ന സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. പി. ബാലചന്ദ്രൻ | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സിനിമ മേഖലയിൽ പ്രവർത്തിക്കുന്ന സ്ത്രീകളുടെ പ്രശ്നങ്ങളെ സംബന്ധിച്ച് പഠിക്കുന്നതിനു വേണ്ടി ഹൈക്കോടതി ജഡ്ജിയുടെ അദ്ധ്യക്ഷതയിൽ കമ്മിറ്റി രൂപീകരിച്ചിരുന്നുവോ; എങ്കിൽ കമ്മിറ്റിയുടെ പരിഗണനാ വിഷയങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വിശദീകരിക്കുമോ; | (എ) | 01.07.2017-ലെ സ.ഉ.(കൈ) നം.16/2017/ സാം.കാ.വ ഉത്തരവ് പ്രകാരം ജസ്റ്റിസ്.കെ.ഹേമ അദ്ധ്യക്ഷയായി ഒരു മൂന്നംഗ സമിതി രൂപീകരിച്ചിരുന്നു. പ്രസ്തുത സമിതിയുടെ പരിഗണനാവിഷയങ്ങൾ ചുവടെ ചേർക്കുന്നു. i. സിനിമാ മേഖലയിലെ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ സുരക്ഷ തുടങ്ങിയ വിഷയങ്ങളിലുള്ള പരിഹാര നിർദ്ദേശങ്ങൾ സമർപ്പിക്കുക. ii. സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച നിർദ്ദേശം സമർപ്പിക്കുക. iii. സിനിമയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തന മേഖലകളിലും സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുക. iv. സിനിമയുടെ സാങ്കേതിക പഠന മേഖലകളിൽ സ്ത്രീകൾക്ക് സ്കോളർഷിപ്പ് ഉൾപ്പെടെയുള്ള ആനുകൂല്യം നൽകി കൂടുതൽപ്പേരെ കൊണ്ടുവരുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുക. v. പ്രസവം, ശിശുപരിചരണം, ശാരീരിക അവശതകൾ തുടങ്ങിയവമൂലം തൊഴിലിൽ വിട്ടുനിൽക്കേണ്ടി വരുന്ന സാഹചര്യത്തിൽ സ്ത്രീകളെ സഹായിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുക. vi. സിനിമയുടെ ഉള്ളടക്കത്തിൽ ലിംഗനീതി പാലിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുക. vii. 30 ശതമാനം സ്ത്രീകൾ നിർമ്മാണ പ്രവർത്തനത്തിൽ ഏർപ്പെട്ടിട്ടുള്ള സിനിമകളെ പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിക്കേണ്ട നടപടി നിർദ്ദേശങ്ങൾ സമർപ്പിക്കുക. |
| (ബി) | പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ; | (ബി) | പ്രസ്തുത കമ്മിറ്റി 31.12.2019-ന് സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി, കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ, സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് തുടങ്ങിയ സ്ഥാപനങ്ങളുടെ |

| | | | |
|---|---|---|---|
| | | | അഭിപ്രായം ആരാഞ്ഞ് ആയത് പരിശോധിച്ച് വരികയാണ്. ഈ വിഷയത്തിലുള്ള തുടർനടപടികൾ ആലോചിക്കുന്നതിനായി ബഹു.മുഖ്യമന്ത്രിയുടെ നിർദ്ദേശാനുസരണം, സാംസ്കാരിക വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 13/07/2021ന് ബന്ധപ്പെട്ടവരുടെ യോഗം ചേർന്നിരുന്നു. ഇതു പ്രകാരം സിനിമാ മേഖലയിൽ പ്രവർത്തിക്കുന്ന സ്ത്രീകൾ നേരിടുന്ന ചൂഷണം അവസാനിപ്പിക്കുന്നതിനും അവരുടെ സുരക്ഷ ഉറപ്പാക്കുന്നതിനും സർക്കാർ ഫലപ്രദമായ കർമ്മപരിപാടികൾ ആലോചിച്ചുവരുകയാണ്. |
| (സി) | സിനിമാ മേഖലയിൽ പ്രവർത്തിക്കുന്ന സ്ത്രീകൾ നേരിടുന്ന ചൂഷണം അവസാനിപ്പിക്കുന്നതിനും അവരുടെ സുരക്ഷ ഉറപ്പാക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ? | (സി) | പ്രസ്തുത കമ്മിറ്റി 31.12.2019-ന് സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി, കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ, സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് തുടങ്ങിയ സ്ഥാപനങ്ങളുടെ അഭിപ്രായം ആരാഞ്ഞ് ആയത് പരിശോധിച്ച് വരികയാണ്. ഈ വിഷയത്തിലുള്ള തുടർനടപടികൾ ആലോചിക്കുന്നതിനായി ബഹു.മുഖ്യമന്ത്രിയുടെ നിർദ്ദേശാനുസരണം, സാംസ്കാരിക വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 13/07/2021ന് ബന്ധപ്പെട്ടവരുടെ യോഗം ചേർന്നിരുന്നു. ഇതു പ്രകാരം സിനിമാ മേഖലയിൽ പ്രവർത്തിക്കുന്ന സ്ത്രീകൾ നേരിടുന്ന ചൂഷണം അവസാനിപ്പിക്കുന്നതിനും അവരുടെ സുരക്ഷ ഉറപ്പാക്കുന്നതിനും സർക്കാർ ഫലപ്രദമായ കർമ്മപരിപാടികൾ ആലോചിച്ചുവരുകയാണ്. |

സെക്ഷൻ ഓഫീസർ